**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1749** **12-09-2023 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ, ഡോ. എൻ. ജയരാജ്, ശ്രീ. ജോബ് മൈക്കിൾ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2020 ഓഗസ്റ്റ് 1 ന് ശേഷം പുതുതായി ആർക്കും കർഷക പെൻഷൻ അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ചെറുകിട നാമമാത്രമായ കർഷക പെൻഷൻ പദ്ധതിയിൽ പുതുതായി ചേർക്കേണ്ട 6765 പെൻഷൻ ഗുണഭോക്താക്കളുടെ ജില്ലാടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയ പട്ടിക 26/10/2021 -ന് സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമായിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പുതുക്കിയ പട്ടിക സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 6201 പുതിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ചു വരികയുമാണ്. |
| (ബി) | കർഷക പെൻഷൻ അനുവദിക്കുന്നതിന് ലഭിച്ചിട്ടുള്ളതും തീർപ്പാക്കാതെ കിടക്കുന്നതുമായ അപേക്ഷകൾ സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. ചെറുകിട നാമമാത്രമായ കർഷക പെൻഷൻ പദ്ധതിയിൽ പുതുതായി ചേർക്കേണ്ട 6765 പെൻഷൻ ഗുണഭോക്താക്കളുടെ ജില്ലാടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയ പട്ടിക 26/10/2021 -ന് സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമായിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പുതുക്കിയ പട്ടിക സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 6201 പുതിയ ഗുണഭോക്താക്കളുടെ പട്ടിക പരിശോധിച്ചു വരികയുമാണ്. |
| (സി) | അപേക്ഷ നൽകിയ ശേഷം പെൻഷൻ അനുവദിച്ച് ലഭിക്കുന്നതിന് മുമ്പ് മരണപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകളോ മേളകളോ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഫീൽഡ് തല പരിശോധനകൾ കഴിഞ്ഞു. ആയതിനാൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ